3746
28/2/19

"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - മൃഗസംരക്ഷണ വകുപ്പിലെ നിലവിലുള്ള സ്ഥിതിവിവര കണക്ക വിഭാഗം ഉദ്യോഗസ്ഥരെ ജില്ലാടിസ്ഥാനത്തിൽ ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**കൃഷി(മൃഗസംരക്ഷണ- ഇ) വകുപ്പ്**

സ.ഉ.(സാധാ)നം.35/2019/എ.എച്ച്.ഡി തീയതി, തിരുവനന്തപുരം, 22.01.2019.

==========================================================================

പരാമർശം:- മൃഗസംരക്ഷണവകുപ്പ ഡയറക്ടറുടെ 01.09.18 ലെ എ.എച്ച്.ഡി/3740/2018- എസ്2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

20-ാം കന്നുകാലി സെൻസസ് 2018 സെപ്റ്റംബർ - ഒക്ടോബർ മാസത്തിൽ ആരംഭിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ ഇതിന്റെ ഏകോപനവും, സംഘാടനവും ഡയറക്ടറേറ്റിലേയും ജില്ലകളിലേയും സ്റ്റാറ്റിസ്റ്റിക്കൽ സെല്ലിലെ ഉദ്യോഗസ്ഥരാണ് നിർവ്വഹിക്കേണ്ടതെന്നും എന്നാൽ ചില ജില്ലകളിൽ ജീവനക്കാർ കുറവും, മറ്റു ചില ജില്ലകളിൽ ജീവനക്കാർ കൂടുതലുള്ള സാഹചര്യവും കാണുന്നുണ്ടെന്നും ഈ സ്ഥിതി കാരണം ചില ജില്ലകളിൽ സ്ഥിതിവിവരകണക്ക ജോലികൾക്ക് ബുദ്ധിമുട്ടും, സമയബന്ധിതമായ റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ടെന്നും ജീവനക്കാരുടെ എണ്ണത്തിൽ ജില്ലാതലത്തിൽ ഏകീകരണത്തിന്റെ ആവശ്യകത നിലനിൽക്കുന്നതിനാൽ മൃഗസംരക്ഷണ വകുപ്പിലെ നിലവിലുള്ള സ്ഥിതിവിവര കണക്ക വിഭാഗം ഉദ്യോഗസ്ഥരെ തന്നെ ജില്ലാടിസ്ഥാനത്തിൽ ക്രമീകരിച്ച് ജില്ലകളിലെ ജോലി ക്രമീകരണം വളരെ ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയുമെന്നും പരാമർശത്തിലെ കത്ത് പ്രകാരം ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

ജില്ലകളിൽ പ്രധാനമായും 3 തരം ജോലികളാണ് നിർവഹിക്കപ്പെടുന്നതെന്നും ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വെ, ഔദ്യോഗിക സ്ഥിതിവിവര കണക്ക്, കന്നുകാലി സെൻസസ് എന്നിവയാണവയെന്നും ഈ 3 തരം ജോലികൾ ചെയ്യുവാനായി 3 സ്റ്റാറ്റിസ്റ്റിക്സ് ജീവനക്കാർ ജില്ലകളിൽ അത്യന്താപേക്ഷിതമാണെന്നും തസ്തിക വിവരണത്തിൽ നിന്നും ജീവനക്കാർ കൂടുതൽ ഉള്ള ജില്ലകളിൽ നിന്നും കുറവുള്ള ജില്ലകളിലേയ്ക്ക് തസ്തിക മാറ്റം നടത്തുന്നതിലൂടെ ജില്ലകളിലെ ജോലി ക്രമീകരണം വളരെ ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയുമെന്നും കൂടാതെ പ്രത്യേക പ്രോജക്ടുകൾക്കായി ഐ.സി.ഡി.പി, ആർ.എ.എച്ച്.സികളിലുള്ള നിലവിലുള്ള പോസ്റ്റുകൾ ജില്ലാ ആഫീസിൽ നിലനിർത്തുന്നത് വകുപ്പിലെ ജോലി നിർവ്വഹണം ഫലപ്രദമാക്കുമെന്നും ജില്ലകളിൽ സ്റ്റാറ്റിസ്റ്റിക്സ് ജീവനക്കാരുടെ സൂപ്പർവിഷൻ ചുമതല നിർവ്വഹിക്കേണ്ട തസ്തിക നിലവില്ലാത്തതിനാൽ എല്ലാ ജില്ലകളിലും ഒരു ഗ്രേഡ് 1 തസ്തിക അനിവാര്യമാണെന്നും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 നിയമനം ജില്ലാടിസ്ഥാനത്തിൽ ആയതിനാൽ ഗ്രേഡ് 2 തസ്തികകളുടെ ബാഹ്യ ജില്ലാ ക്രമീകരണം

..........2

നടത്താൻ നിർവ്വാഹമില്ലായെന്നും ആയതിനാൽ ഗ്രേഡ് 1 തസ്തിക ബാഹ്യ ജില്ലാ പുനർക്രമീകരണം നടത്താവുന്നതാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വെ വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാർ 2403-00-113-97-01 (P) എന്ന ശീർഷകത്തിലും ഔദ്യോഗിക സ്ഥിതിവിവര കണക്ക് വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാർ 2403-00-113-98-01 (NP) എന്ന ശീർഷകത്തിലും ഐ.സി.ഡി.പി, ആർ.എ.എച്ച്.സി സ്ഥാപനത്തിലെ ജീവനക്കാർ 2403-00-102-99-01 (NP) എന്ന ശീർഷകത്തിലും ക്യാറ്റിൽ സ്റ്റെറിലിറ്റി ആഫീസ്, ആലുവയിലെ ജീവനക്കാരൻ 2403-00-101-97-01 (NP) എന്ന ശീർഷകത്തിലും വേതനവും ബത്തകളും കൈപ്പറ്റി വരുന്നു. വകുപ്പിനുള്ളിലുള്ള ക്രമീകരണമാകയാൽ സർക്കാരിന് മറ്റു സാമ്പത്തിക ബാദ്ധ്യതകളൊന്നും തന്നെ ഉണ്ടാകുന്നില്ല എന്നും ഡയറക്ടർ അറിയിക്കുകയുണ്ടായി.

ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജീവനക്കാരുടെ വകുപ്പിനുള്ളിലുള്ള ക്രമീകരണമാകയാൽ സർക്കാരിന് മറ്റു സാമ്പത്തിക ബാദ്ധ്യതകളൊന്നും തന്നെ ഉണ്ടാകുന്നില്ലയെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പിലെ നിലവിലുള്ള സ്ഥിതിവിവര കണക്കു വിഭാഗം ഉദ്യോഗസ്ഥരെ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ജില്ലാടിസ്ഥാനത്തിൽ ക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

| നിലവിലുള്ള ആഫീസും തസ്തികയും | മാറ്റി നിയമിക്കേണ്ട ആഫീസും തസ്തികയും | റിമാർക്സ് |
|---|---|---|
| തിരുവനന്തപുരം ഐ.സി.ഡി.പി ആഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 (ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ) | ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ആഫീസ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 (ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ) | |
| പത്തനംതിട്ട ജില്ലയിലെ ഐ.സി.ഡി.പി ആഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 | പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ആഫീസ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 | |
| ഇടുക്കി ജില്ലയിലെ ഐ.സി.ഡി.പി കട്ടപ്പന ആഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 | ഇടുക്കി ജില്ലാ മൃഗസംരക്ഷണ ആഫീസ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 | |
| എറണാകുളത്തെ ആലുവ ക്യാറ്റിൽ സ്റ്റെറിലിറ്റി ആഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 | തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ ആഫീസ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 | |
| കണ്ണൂർ ഐ.സി.ഡി.പി ആഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 (ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ) | വയനാട് ജില്ലാ മൃഗസംരക്ഷണ ആഫീസ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 (ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ) | |

| | | |
|---|---|---|
| കോഴിക്കോട് ഐ.സി.ഡി.പി ആഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 | കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ ആഫീസ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയുടെ പുന: ക്രമീകരണം |
| കാസർഗോഡ് ജില്ലയിലെ ആർ.എ .എച്ച്.സി ആഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 | കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ആഫീസ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 | |
| മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 | മലപ്പുറം ജില്ലാ മൃഗസംരക്ഷണ ആഫീസ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 | |

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**കെ.എസ്.സുധ**
അഡീഷണൽ സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, ബ്രാഞ്ച് ഓഫീസ്, കൊച്ചി.
ധനകാര്യ വകുപ്പ് (1010936/അഗ്രി-എ 2/176/2018 തീയതി 26.11.18)
~~വിവര~~ പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ